# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5708 24.05.2017 — ൽ മറുപടിക്ക്

## സംസ്ഥാന ഭക്ഷ്യ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>,, എൽദോ എബ്രഹാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കമ്മീഷന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. ദേശീയഭക്ഷ്യ ഭദ്രതാനിയമം സെക്ഷൻ 16 പ്രകാരം കമ്മീഷന്റെ പ്രധാനപ്പെട്ട ചുമതലകൾ ചുവടെ ചേർക്കുന്നു.<br><br>ഭക്ഷ്യ ഭദ്രതാനിയമം സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും ചെയ്യുക, നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകളിന്മേലുള്ള അലക്ഷ്യമായ നടപടികൾ കണ്ടാലോ പരാതികൾ ലഭിച്ചാലോ നടപടി എടുക്കുക, ഭക്ഷ്യ ഭദ്രതാനിയമം നടപ്പാക്കുന്നതിൽ സർക്കാരിന് ഉപദേശം നൽകുക, ഭക്ഷ്യ / പോഷകാഹാരം സംബന്ധിച്ചുള്ള സ്കീമുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്, വ്യക്തികളെ നിയമത്തിൽ പറഞ്ഞിട്ടുള്ള അവകാശങ്ങൾക്ക് പ്രാപ്തരാക്കുന്ന കാര്യങ്ങളിൽ സർക്കാരിനോ, സർക്കാരിന്റെ ഏജൻസികൾക്കോ, സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങൾക്കോ, പ്രസക്തമായ സേവനങ്ങൾ നൽകുന്ന സർക്കാർ ഇതര സ്ഥാപനങ്ങൾക്കോ ആവശ്യമായ ഉപദേശം നൽകുക. ജില്ലാ പരാതി പരിഹാര ആഫീസർമാരുടെ ഉത്തരവിന്മേലുള്ള അപ്പീൽ തീർപ്പാക്കുക, നിയമസഭയ്ക്ക് മുമ്പിൽ വയ്ക്കുവാനുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുക മുതലായവ. |

(ബി) ഭക്ഷ്യ കമ്മീഷന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി)

| | |
|---|---|
| ചെയർപേഴ്സൺ | 1 |
| മെമ്പർമാർ | 5 |
| മെമ്പർ സെക്രട്ടറി | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| റേഷനിംഗ് ഇൻസ്പെക്ടർ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 |
| ക്ലാർക്ക് | 5 |
| ഡ്രൈവർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| സ്വീപ്പർ | 1 |

ഭക്ഷ്യ സുരക്ഷാ കമ്മീഷന്റെ മെമ്പർമാരിൽ 2 പേർ സ്ത്രീകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. മെമ്പർമാരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽനിന്നും ഒരാൾ പട്ടിക വർഗ്ഗ വിഭാഗത്തിൽനിന്നുമുള്ള വ്യക്തിയുമായിരിക്കണമെന്നും നിയമം അനുശാസിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണം മെമ്പർ സെക്രട്ടറി എന്നും നിയമം അനുശാസിക്കുന്നു.

(സി) ഭക്ഷ്യ കമ്മീഷൻ എന്നത്തേക്ക് രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(സി) സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നിലവിൽ വരുന്നതു വരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് നൽകിയിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ